**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

**(ഹയർസെക്കന്ററി വിഭാഗം),**

**ജഗതി, തിരുവനന്തപുരം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - **HSSTTP, 2025-26** - ലീഡ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾമാർക്ക് പരിശീലന നടത്തിപ്പിനുള്ള മുൻകൂർ തുക - അനുവദിച്ച് ഉത്തരവാകുന്നു.

---

നം. **HSE/13589/2025-Acd Spl2** തീയതി : **14-12-2025**

---

പരാമർശം : **13/06/2025** തീയതിയിലെ **G.O.(Rt)No.3841/2025/GEDN** നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗത്തിലെ **2024-25** അധ്യയന വർഷത്തെ **EAP (ENHANCEMENT OF ACADEMIC PROGRAMME)** ക്കായി മേൽ സർക്കാർ ഉത്തരവ് പ്രകാരം **₹6,00,00,000/-** (ആറു കോടി രൂപ മാത്രം) യുടെ ഭരണാനുമതി ലഭ്യമാക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടറെ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തുകയുമുണ്ടായി. **EAP**യുടെ ഭാഗമായുള്ള **HIGHER SECONDARY SCHOOL TEACHER TRANSFORMATION PROGRAMME (HSSTTP)** ഹയർസെക്കൻഡറി അധ്യാപകർക്കുള്ള സമഗ്ര അധ്യാപക പരിവർത്തന പരിപാടിയാണ്.

**2025 2026** അധ്യയന വർഷത്തിൽ ഡിസംബർ, ജനുവരി മാസങ്ങളിലായി സംസ്ഥാനത്തെ ഇരുപത് കോളേജുകളിൽ വച്ച് നടത്തുന്ന അധ്യാപക പരിവർത്തന പരിപാടി **(HSSTTP)** യുടെ സാമ്പത്തിക നടത്തിപ്പിനായി, പ്രസ്തുത കോളേജുകളുടെ സമീപ പ്രദേശത്തുള്ള ഹയർ സെക്കൻഡറി സ്കൂൾ പ്രിൻ സിപ്പാൾ മാരെ ലീഡ് സ്കൂൾ പ്രിൻസിപ്പൽമാരായി

ചുമതലപ്പെടുത്തിയിട്ടുണ്ട്.

40 പേരടങ്ങുന്ന ഒരു ബാച്ചിന് ₹ 7,50,000/- (ഏഴു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലീഡ് സ്കൂളുകളിലെ പ്രിൻസിപ്പാൾമാർക്ക് മുൻകൂർ തുകയായി താഴെ കൊടുത്ത പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| SI NO | SUBJECT | NAME OF THE CENTRE | LEAD SCHOOL | AMOUNT |
|---|---|---|---|---|
| 1 | Chemistry | CSIR-NIIST | GOVT. BHSS KARAMANA, SCHOOL CODE:0 1134 | 7,50,000/- |
| 2 | Chemistry | IISER | GOVT. V&HSS VITHURA SCHOOL CODE: 01145 | 7,50,000/- |
| 3 | Chemistry | TKM Arts & Science College Kollam | MEENAKSHI VILASOM Govt.HSS SCHOOL CODE: 2027 | 7,50,000/- |
| 4 | Commerce | Sacred Heart College, Thevara | GHSS MULANTHURUTHI SCHOOL CODE: 07023 | 7,50,000/- |
| 5 | Commerce | Department of Commerce, University of Kerala, Kariavattom | GHSS KAZHZKOOTTAM SCHOOL CODE: 01140 | 7,50,000/- |
| 6 | Commerce | Govt. Brennen College, Thalassery | GGHSS THIRUVANGAD SCHOOL CODE: 13038 | 7,50,000/- |
| 7 | Computer Science | CUSAT | GHSS EDAPPALLY SCHOOL CODE: 07003 | 7,50,000/- |
| 8 | Computer Science | Kannur University | GHSS MORAZHA SCHOOL CODE: 13022 | 7,50,000/- |
| 9 | Economics | Center for Budget | GOVT. HSS MUPPATHADAM, ERANAKULAM | 7,50,000/- |

| | | | | |
|---|---|---|---|---|
| | | Studies, CUSAT | SCHOOL CODE: 07155 | |
| 10 | Economics | Govt. Brennen College, Thalassery | GGHSS THIRUVANGAD SCHOOL CODE: 13038 | 7,50,000/- |
| 11 | English | Govt College Manathavadi | GHSS MEENANGADI SCHOOL CODE: 12002 | 7,50,000/- |
| 12 | English | University College Tvm | GOVT. MODEL BHSS THYCAUD SCHOOL CODE: 01023 | 7,50,000/- |
| 13 | English | Sree Sankaracharya University of Sanskrit | GOVT HSS,MOOKKANNUR,ERNAKULAM SCHOOL CODE: 7007 | 7,50,000/- |
| 14 | History | St. Dominic's College Kanjirappally | GVHSS PONKUNNAM SCHOOL CODE: 5026 | 7,50,000/- |
| 15 | Malayalam | Maharajas College Eranakulam | SRV GHSS Eranakulam SCHOOL CODE:7034 | 7,50,000/- |
| 16 | Mathematics | IIT Palakkad | GMMGHSS PALAKKAD SCHOOL CODE: 09009 | 7,50,000/- |
| 17 | Mathematics | Govt College for Women Thiruvanathapuram | SMV HSS TVM SCHOOL CODE: 01016 | 7,50,000/- |
| 18 | Physics | Sacred Heart College, Thevara | GHSS MULANTHURUTHI SCHOOL CODE: 07023 | 7,50,000/- |
| 19 | Physics | St. Domenic's College Kanjirappally | GVHSS PONKUNNAM SCHOOL CODE: 5026 | 7,50,000/- |
| 20 | Political Science | UGC MMTTC University kariavattom | GOVT. HSS MEDICAL COLLEGE, TVM SCHOOL CODE: 01007 | 7,50,000/- |
| **TOTAL** | | | | **1,50,00,000/-** |

പരിശീലനത്തിനുള്ള ചെലവുകൾക്കായി, മേൽപ്പറഞ്ഞ തുക പ്രിൻസിപ്പാളിന് **"2202-02-105-95(P)** എന്ന ശീർഷകത്തിൽ" നിന്നും അലോട്ട്മെൻ്റായി അനുവദിച്ച് ഉത്തരവാകുന്നു. തുക വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. . പ്രസ്തുത സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി പരിശീലനത്തിനുള്ള ചെലവുകൾ നടത്തേണ്ടതാണ്. പരിശീലന പരിപാടി പൂർത്തിയായി രണ്ടാഴ്ചക്കുള്ളിൽ, ബില്ലുകളും വൗച്ചറുകളും കൃത്യമായി പരിശോധിച്ച് ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിച്ച് അഡ്വാൻസ് സെറ്റിൽ ചെയ്ത്, **Expenditure Statement, Utilisation Certificate (KFC FORM 44** ൽ തയ്യാറാക്കിയത്), ബാക്കി തുകയുണ്ടെങ്കിൽ സറണ്ടർ ചെയ്ത റിപ്പോർട്ട് എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

Signed by
Umesh N S K
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
Date: 14-12-2025 23:08:14

പകർപ്പ്:

**1** ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
**2** ഫിനാൻസ് (സി) സെക്ഷൻ
**3** ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
**4** കരുതൽ ഫയൽ / അധികം

<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - **jdacad@gmail.com,**
ഫോൺ : **0471-2580738**

**നം. HSE/13589/2025-Acd Spl2** **തീയതി : 10-12-2025**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം -സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടി - **HSSTTP (2025-26)** ഫണ്ട് വിനിയോഗം മാർഗ്ഗരേഖകൾ - സംബന്ധിച്ച്.

സൂചന : **13/06/2025** തിയ്യതിയിലെ **G.O(Rt)No.3841/2025/G.EDN** നമ്പർ സർക്കാർ ഉത്തരവ്.

ഹയർസെക്കൻഡറി സ്കൂൾ അധ്യാപക പരിവർത്തന പരിപാടി **(HSSTTP)** പത്ത് ദിവസം നീണ്ടുനിൽക്കുന്ന കോഴ്സായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത കേന്ദ്രങ്ങളിലെ ഫണ്ട് വിനിയോഗത്തിനായി ഓരോ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരെ ലീഡ് സ്കൂൾ പ്രിൻസിപ്പൽമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫണ്ട് വിനിയോഗത്തിന് ലീഡ് സ്കൂൾ പ്രിൻസിപ്പൽമാർ, കോർഡിനേറ്റർമാർ എന്നിവർക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിക്കുന്നു.

- ലീഡ് സ്കൂൾ പ്രിൻസിപ്പൽമാർക്ക് **ഒരു ബാച്ചിന് 7,50,000/- രൂപ** വീതം അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്.
- യഥാർത്ഥ ചെലവ് അലോട്ട്മെൻ്റ് ലഭിച്ച തുകയെ അധികരിക്കുന്ന പക്ഷം, അധിക തുക പിന്നീട് അനുവദിക്കുന്നതായിരിക്കും.
- HSSTTP യുമായി ബന്ധപ്പെട്ട് ഫണ്ട് വിനിയോഗം ഓഡിറ്റിങ്ങിന് വിധേയമാണ്.
- ഫണ്ടിൻ്റെ വിനിയോഗം സൂക്ഷ്മതയോടും യുക്തിപരമായും മിതവ്യയത്തോടും കൂടി ചെയ്യേണ്ടതാണ്.
- എല്ലാ ഇടപാടുകളുടെയും ബില്ല് / വൗച്ചർ എന്നിവ ക്രമപ്രകാരം ആണോ എന്ന് ബന്ധപ്പെട്ട ലീഡ് സ്കൂൾ പ്രിൻസിപ്പൽ പരിശോധിച്ചു പാസാക്കേണ്ടതും പകർപ്പുകൾ ഓഡിറ്റിനായി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

| SI No. | Particulars | | Calculation | Amount (₹) | Total (₹) |
|---|---|---|---|---|---|
| 1 | Honorarium | Experts | Rs. 4,000/- per day × 12 Persons | 48,000 | 75,500 |
| | | Coordinators (HSSTs) | Rs. 1,000/- × 1 person × 11 days | 11,000 | |
| | | Coordinators (College Teacher) | Rs. 1,500/- × 1 person × 11 days | 16,500 | |
| | | Experts | Rs. 450/- × 12 persons | 5,400 | |

| | | | | | |
|---|---|---|---|---|---|
| 2 | Food & Refreshments | Coordinators | Rs. 450/- × 2 persons × 11 days | 9,900 | **1,95,300** |
| | | Participants | Rs. 450/- × 40 persons × 10 days | 1,80,000 | |
| 3 | Accommodation | Experts | Rs. 700/- × 12 persons | 8,400 | **3,03,800** |
| | | Coordinators | Rs. 700/- × 2 persons × 11 days | 15,400 | |
| | | Participants | Rs. 700/- × 40 Persons × 10 days | 2,80,000 | |
| 4 | TA | Experts | Rs. 3,000/- × 12 persons | 36,000 | **1,59,000** |
| | | Coordinators | Rs. 3,000/- × 1 person | 3,000 | |
| | | Participants | Rs. 3,000/- × 40 persons | 1,20,000 | |
| 5 | Training Facility | Venue | Rs. 15,000/- | 15,000 | **1,12,630** |
| | | Lab & Library | Rs. 15,000/- | 15,000 | |
| | | Contingencies including Sound System | Rs. 15,000/- | 15,000 | |
| | | Field Visit | Rs. 30,000/- | 30,000 | |
| | | Stationery & Printing & | Rs. 9,630/- | 9,630 | |

| | | | | | |
|---|---|---|---|---|---|
| | | Photostat | | | |
| | | Lead School Expenses | Rs. 8,000/- | 8,000 | |
| | | Transportation Expense | Rs. 20,000/- | 20,000 | |
| Total for 1 Batch | | | | | 8,46,230 |

- **ഭക്ഷണം, ലഘുഭക്ഷണം (Food and Refreshments) :** ഒരാൾക്ക് ഒരു ദിവസത്തേക്ക് 450 രൂപയാണ് ഭക്ഷണത്തിനായി കണക്കാക്കിയിട്ടുള്ളത്.
- **താമസം (Accommodation) :** 10 ദിവസത്തേക്ക് താമസം നൽകേണ്ടതിനാൽ, ലോഡ്ജുകളിൽ നിന്നും ബില്ല്/പ്രൊഫോമ ഇൻവോയ്സ് സമർപ്പിച്ച് ആവശ്യപ്പെടുന്ന പക്ഷം മൊത്തം തുകയുടെ **50% വരെ അഡ്വാൻസ്** അനുവദിക്കാവുന്നതാണ്. ബാക്കി തുക പരിപാടി കഴിഞ്ഞ് ഫൈനൽ ബിൽ സമർപ്പിക്കുന്ന വേളയിൽ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകാവുന്നതാണ്
- **ലാബ്, ലൈബ്രറി :** കോളേജിൻ്റെ പ്രിൻസിപ്പൽ/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ/വൗച്ചറുകൾ സമർപ്പിക്കുന്ന പക്ഷം അക്കൗണ്ടുകളിലേക്ക് അനുവദിക്കാവുന്നതാണ്.
- **കണ്ടിജൻസി (Contingency) :** വൗച്ചറുകൾ ഹാജരാക്കുന്ന മുറയ്ക്ക് ക്ലെയിമുകൾ അക്കൗണ്ട് ട്രാൻസ്ഫറായി അനുവദിക്കാവുന്നതാണ്.
- **ഫീൽഡ് വിസിറ്റ് :** അതാത് കേന്ദ്രങ്ങളിലെ അക്കാദമിക്ക് കോർഡിനേറ്റർക്കാണ് ഫീൽഡ് വിസിറ്റിൻ്റെ ചുമതല. വാഹനത്തിൻ്റെ ചെലവും മറ്റു ചെലവുകളും കോർഡിനേറ്ററിൽ നിന്നും വൗച്ചർ വാങ്ങി അദ്ദേഹത്തിന് അക്കൗണ്ട് ട്രാൻസ്ഫറായി അനുവദിക്കാവുന്നതാണ്.
- **സ്റ്റേഷനറി, പ്രിൻ്റിംഗ്, ഫോട്ടോസ്റ്റാറ്റ് :** ഓരോ ദിവസത്തെയും ബില്ലുകളും വൗച്ചറുകളും പ്രത്യേകം സൂക്ഷിച്ച്, പരിപാടി തീരുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ചെലവ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുക

ക്ലെയിം ചെയ്യാവുന്നതാണ്.

- **<u>ഹോണറേറിയം, യാത്രാബത്ത (TA) :</u>** ഹോണറേറിയം, യാത്രാബത്ത എന്നിവ ബെനിഫിഷ്യറി അക്കൗണ്ടുകളിലേക്ക് മാത്രം ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. ഇതിലേക്കായി ഓരോരുത്തരുടെയും അർഹമായ കൺസോളിഡേറ്റഡ് തുക കണക്കാക്കി, ആയതിൻ്റെ സ്റ്റേറ്റ്മെൻ്റ് സഹിതം ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിച്ച് ബെനിഫിഷ്യറി അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്. **TA Claim Form** പാസ്സക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്.
- ഫണ്ട് ട്രഷറി വഴി സെറ്റിൽമെന്റ് ചെയ്ത ശേഷം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻ്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (**KFC** ഫോം നമ്പർ **44** ൽ തയ്യാറാക്കിയത്), ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ, ആയത് സറണ്ടർ ചെയ്ത റിപ്പോർട്ട് എന്നിവ രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

Signed by
Shajitha S
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**
Date: 10-12-2025 11:58:09

1. എല്ലാ **RDD** മാർക്ക്.
2. ബന്ധപ്പെട്ട എല്ലാ പ്രിൻസിപ്പൽമാർക്ക്.
3. ബന്ധപ്പെട്ട എല്ലാ കോഡിനേറ്റർ മാർക്ക്.